# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 56 | 27.09.2016 - ൽ മറുപടിയ്ക്ക് |

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>,, എൻ. ഷംസുദ്ദീൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പാകുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഉണ്ടാകുമെന്നു കരുതുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ബി) | സംസ്ഥാനത്തിന്റെ നികുതി സംവിധാനത്തെ ചരക്ക് സേവന നികുതി ഏതു വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ; | (ബി) | പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി , എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന |

| | | | |
|---|---|---|---|
| | | | നികുതി, സർചാർജ് സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി. എസ്. ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി. എസ്. ടി. യിൽ ലയിക്കുന്നതാണ്. ജി. എസ്. ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി. യും സംസ്ഥാനങ്ങൾ എസ്.ജി.എസ്. ടി. യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ആണ് ചുമത്തുന്നത്. ഇത് കേന്ദ്ര സർക്കാരാണ് ഈടാക്കുന്നത്. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാ ധിഷ്ഠിതമാകയാൽ കേരളത്തിന് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്ക പ്പെടുന്നത്. |
| (സി) | നികുതി പിരിവുമായി ബന്ധപ്പെട്ടുള്ള ചെലവുകളിൽ കുറവുവരാനിടയുണ്ടോ; എങ്കിൽ ഏതൊക്കെ വിധത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | നിയമം നടപ്പിലാക്കി നികുതി പിരിവ് ആരംഭിച്ചാൽ മാത്രമേ ചെലവുകളിൽ കുറവുവരാനിടയുണ്ടോ എന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

Latheesh

**സെക്ഷൻ ഓഫീസർ**